ശ്രീ. എ. എ. റഹിം : അങ്ങിനെയില്ല. രോഗിക്ക് ആവശ്യമായ ആഹാരം കൊടുക്കണമെന്ന് ഏർപ്പാടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : രോഗിക്ക് ആവശ്യമുള്ള മുഴുവൻ ആഹാരവും കൊടുക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം : കൊടുക്കുന്നുണ്ട്.

സോഷ്യൽ വെൽഫെയർ സെന്ററുകൾ.

* 9. [9] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ വെൽഫെയർ കേന്ദ്രങ്ങളിലെ പാൽപ്പൊടി, അരി വിതരണത്തെപ്പറ്റി നാട്ടിലുടനീളം പരാതിയുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളെപ്പറ്റി എന്തു നടപടി നടത്തി ;

(ബി) പന്തളം തെക്കേക്കര സോഷ്യൽ എഡ്യൂക്കേഷൻ സെന്ററിലെ ഭക്ഷണം, പാൽപ്പൊടി വിതരണം തുടങ്ങിയുള്ള അഴിമതിയിൽ, പ്രതിഷേധിച്ച് അതിന്റെ ചുമതലവഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ടിരുന്ന കമ്മിറ്റി ഒന്നടങ്കം രാജിവയ്ക്കുകയും പ്രതിഷേധയോഗങ്ങൾകൂടി പ്രമേയം പാസ്സാക്കി ഗവണ്മെന്റ് ലേക്കയയ്ക്കുകയും ചെയ്തിട്ടുണ്ടോ; അവിടെയുള്ള കേന്ദ്രത്തിന്റെ ഓർഗനൈസറുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ;

(സി) പഴകുളം സോഷ്യൽ വെൽഫെയർ സെന്ററിലെ ഭക്ഷണ വിതരണത്തെപ്പറ്റിയും, അവിടെ കോഴിവളത്തൽ, തേനീച്ചവളത്തൽ എന്നിവയുടെപേരിൽ ചിലർക്ക് ഗ്രാൻറുവാങ്ങിക്കൊടുക്കുന്ന ഓർഗനൈസറെപ്പറ്റിയും പള്ളിക്കൽ പകുതി മഹിളാ സംഘം അയച്ചിട്ടുള്ള പരാതി കിട്ടിയിട്ടുണ്ടോ; അതിന്മേൽ നടപടി നടത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങളുടെ ചുമതല ഒരു വെറും ഓർഗനൈസറെ ഏൽപ്പിക്കാതെ, സ്ഥലത്തെ കർഷകസംഘം, തൊഴിലാളി സംഘടനകൾ, മഹിളാ സംഘം എന്നിവയുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള കമ്മിറ്റിക്ക് വിട്ടുകൊടുക്കുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) സോഷ്യൽ വെൽഫെയർ കേന്ദ്രങ്ങളിലെ പാൽപ്പൊടി, അരി വിതരണത്തെപ്പറ്റി നാട്ടിലുടനീളം പരാതിയുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗവണ്മെന്റിന് അങ്ങിനെയുള്ള പ്രമേയമൊന്നും കിട്ടിയതായി കാണുന്നില്ല. എന്നാൽ പന്തളം സെന്ററിൽ ഭക്ഷണം, പാൽപ്പൊടി മുതലായവയുടെ വിതരണത്തിൽ ക്രമക്കേടുകൾ ഉള്ളതായി പബ്ലിക്ക് ഹെൽത്ത് ഡയറക്ടർക്ക് പരാതി ലഭിച്ചിട്ടുണ്ടായിരുന്നു. ഡിപ്പാർട്ടുമെന്റ് നടത്തിയ അന്വേഷണത്തിന്റെ ഫലമായി പ്രസ്തുത ആരോപണങ്ങൾ അടിസ്ഥാന രഹിതങ്ങളാണെന്ന് തെളിയുകയാൽ ഈ സെന്ററിലെ ഓർഗനൈസറുടെ പേരിൽ നടപടിയെടുക്കേണ്ട ആവശ്യം ഉണ്ടായില്ല.

(സി) അങ്ങിനെ പരാതിയൊന്നും കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ക്ഷേണം, പാൽപ്പൊടി മുതലായവയുടെ വിതരണം ഓർഗനൈസേഷന്മാർ അതാതു സ്ഥലത്തെ പൊതുജനങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു കമ്മിറ്റിയുടെ സഹായത്തോടുകൂടി നടത്തിവരുന്നു. ഇതിൽ ക്രമക്കേടു് ഒ ഇല്ലാത്തതുകൊണ്ടു് ചോദ്യത്തിൽ പറയുന്നമാതിരി കമ്മിറ്റി കൂടി ശുപാർശചെയ്തു് വിതരണം നടത്തേണ്ട ആവശ്യമുണ്ടെന്നു് ഗവണ്മെന്റു് കരുതുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പന്തളം തെക്കേക്കര സോഷ്യൽ എഡ്യൂക്കേഷൻ സെന്ററിലെ പാൽപ്പൊടി വിതരണത്തെപ്പറ്റി മന്ത്രിക്കു പരാതി ലഭിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജാൻ: പരാതി കിട്ടിയിട്ടുള്ളതായി കാണുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വ്യക്തമായി അയച്ച എന്നു ബോദ്ധ്യമുള്ള ഒരു പരാതിയെപ്പറ്റി ഉത്തരവാദിത്വത്തോടുകൂടി ചോദിക്കുമ്പോൾ മന്ത്രി കൈമലർത്തിയാൽ എന്താണു ചെയ്യുന്നതു്?

ശ്രീ. എ. ജെ. ജാൻ: കൈമലർത്തുകയല്ല, കാര്യം പറയുകയാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെന്റിൽ പിടിച്ചിട്ടുള്ള പരാതിയിന്മേൽ വല്ല ശുപാർശയും നടത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ: നടത്തിയിട്ടില്ല. പരാതിക്കാർതന്നെ മേൽ നടപടിയും നടത്തേണ്ട ആവശ്യമില്ലെന്നു പറയുകയാൽ കൂടുതൽ നടപടികളും ഒന്നും നടത്തിയിട്ടില്ല. കൂടാതെയും ആ പഞ്ചായത്തു് കമ്മ്യൂണിസ്റ്റു് പാർട്ടിയിൽപ്പെട്ടതാണു്. വിതരണം മുഴുവൻ അവരെ ഏൽപ്പിക്കാനാണു് അവർ പരാതിപ്പെടുന്നതു്. അവിടെ ഒരു രാഷ്ട്രീയ വടംവലിയാണു് നടക്കുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: കമ്മ്യൂണിസ്റ്റുപാർട്ടിയല്ല, കോൺഗ്രസ്സു് പാർട്ടിക്കാണു് അവിടെ ആധിപത്യം നടത്തുന്നതു്. വിതരണത്തിനു നിയമിച്ചിട്ടുണ്ടായിരുന്ന കമ്മിറ്റി ഒന്നടങ്കം രാജിവച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൻ: രാജിവച്ചിട്ടുള്ളതായി പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടിൽ ഉണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഗവണ്മെന്റു് സ്ഥാപനങ്ങളെ ഏൽപ്പിച്ചു അതാതു സെന്ററുകളിൽ ഈ വിതരണം ചെയ്യുന്നതിനു് ഒരു നയം ഗവണ്മെന്റു് സ്വീകരിക്കുമോ?

ശ്രീ. എ. ജെ. ജാൻ: യൂണിസെഫിൽ നിന്നും അയയ്ക്കുന്ന പാൽപ്പൊടിയാണു് ഇതു്. അതിന്റെ ഉടമസ്ഥാവകാശം അവർക്കാണു്. അതു ന്യായമായി വിതരണം ചെയ്യുന്നതിനുള്ള എല്ലാ നടപടികളും ഗവണ്മെന്റു് എടുത്തിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതാതു സ്ഥലങ്ങളിലെ പഞ്ചായത്തുകൾക്കു് ഇക്കാര്യത്തിൽ മൻഗണന കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: അങ്ങിനെ കൊടുക്കാൻ നിവൃത്തിയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സ്റ്റോറ് സോപ്പേഴ്സ് വെൽഫെയർ ബോരഡിനു് ഇക്കൊല്ലത്തിൽ ചുമതലയുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടെന്നാണു തോന്നുന്നതു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ആ ബോർഡിന്റെ ആഭിമുഖ്യത്തിലാണോ സെന്റർ നടത്തുന്നതു്?

ശ്രീ. എ. ജെ. ജാൺ: നിശ്ചയമില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സംസ്ഥാനത്തു് ആകെ എത്ര സെന്ററുകൾ ഉണ്ടു്?

ശ്രീ. എ. ജെ. ജാൺ: അതിന്റെ ലിസ്റ്റ് കൈവശമില്ല.

വെള്ളപ്പൊക്കംമൂലമുള്ള കൃഷിനാശം തടയാൻ പദ്ധതി.

* 10. [10] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നരുകുമോ:

(എ) അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ വെള്ളപ്പൊക്കംമൂലം തീരപ്രദേശങ്ങളിൽ അനേകായിരം ഏക്കർ സ്ഥലത്തെ കൃഷി നശിക്കുന്നുണ്ടോ; ഇതു തടയുന്നതിനു് എന്തു പദ്ധതിയാണു് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നു് പറയുമോ;

(ബി) പ്രസ്തുത നദികളുടെ രണ്ടു തീരങ്ങളും ബണ്ടിട്ടുറപ്പിച്ചു് വെള്ളമൊഴുക്കിനെ ഫലപ്രദമായി തടഞ്ഞാൽ കരിങ്ങാലിപ്പുഞ്ച, കുട്ടനാടു തുടങ്ങിയ പ്രദേശങ്ങളിലെ അനേകലക്ഷം ഏക്കർ ഒരുപ്പു നിലങ്ങളും ഇരുപ്പുവാക്കുന്നതുള്ള ഒരു പദ്ധതി മുൻപു് ചീഫ് ഇൻജിനീയറായിരുന്ന വെങ്കിടകൃഷ്ണൻ സമർപ്പിച്ചതു് ഗവണ്മെന്റ് അവധാനപൂർവ്വം പരിഗണിച്ചു് അതുകൂടി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ വെള്ളപ്പൊക്കംമൂലം തീരപ്രദേശങ്ങളിലെ കൃഷി നശിക്കുന്നുണ്ടെന്നു് അറിയാം. എന്നാൽ ഒന്നാം പഞ്ചവത്സരപദ്ധതിയിൽത്തന്നെ പണിതു തീർന്നിട്ടുള്ള തോട്ടപ്പള്ളി സ്പിൽവെ ഈ കൃഷിനാശത്തിനെ ഏറിയഭാഗവും പരിഹരിക്കുന്നതാണു്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തോട്ടപ്പള്ളി സ്പിൽവേവരെ ആറിലെ വെള്ളപ്പൊക്കം ഒഴുകിപ്പോകുന്നതിനു് ചാലുകീറി വെട്ടാൻ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) മുൻ ചീഫ് ഇൻജിനീയറായിരുന്ന ശ്രീ. വെങ്കിടകൃഷ്ണൻ അങ്ങിനെ ഒരു പദ്ധതി സമർപ്പിച്ചതായി ഗവണ്മെന്റിനറിവില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വെള്ളപ്പൊക്കമുണ്ടാകുമ്പോൾ വെള്ളം കടലിലേയ്ക്കു് വിടുന്നതിനല്ലാതെ, തടഞ്ഞു നിറുത്തുന്നതിനു് വല്ല പദ്ധതിയുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly